# കൈരളീകടാക്ഷം

ഒന്നാം ഭാഗം.

വള്ളത്തോൾ.

Digitized By Kerala Sahitya Akademi

# കൈരളീകടാക്ഷം

ഒന്നാം ഭാഗം.

വള്ളത്തോൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# വിഷയാനുക്രമം.


| | | |
|---|---|---|
| 1 | ദീപം | (ശ്ലോകം) |
| 2 | പുലർകാലം | (താരാട്ട്) |
| 3 | മിഥ്യാപവാദം | (ഓട്ടൻതുള്ളൽ) |
| 4 | രാത്രി | (ശ്ലോകം) |
| 5 | ധനം | (കേക) |
| 6 | കുറത്തി | (കുറത്തിപ്പാട്ട്) |
| 7 | അതിവൃഷ്ടിപീഡിതർ | (ശ്ലോകം) |
| 8 | വേട്ട | (വഞ്ചിപ്പാട്ട്) |
| 9 | അരിശം | (ഓട്ടൻതുള്ളൽ) |
| 10 | ഒരു ചിത്രം | (മഞ്ജരി) |
| 11 | പുത്രദുഃഖം | (പാന) |
| 12 | കൃതജ്ഞത | (പറയൻതുള്ളൽ) |
| 13 | കൃതഘ്നത | (പറയൻതുള്ളൽ) |
| 14 | താമര | (ശ്ലോകം) |
| 15 | കാട്ടാളൻ | (ശീതങ്കൻതുള്ളൽ) |
| 16 | കാളയും കുയിലും | (ഓട്ടൻതുള്ളൽ) |
| 17 | ഒരു നൊണ്ടിക്കുഞ്ഞാട് I | (ശ്ലോകം) |
| 18 | ,, II | ,, |


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

1HH

# മുഖവുര.

ചെറുകുട്ടികളെ കാവ്യരസം തളിയ്ക്കാത്ത ശുഷ്കപദ്യങ്ങൾ പഠിപ്പിച്ചുപോരുന്നതിന്റെ ഫലം, അവരിൽച്ചിലരുടെ ഹൃദയത്തിൽ പ്രകൃതിദേവി പാകിയിട്ടുണ്ടാവുന്ന സാഹിത്യബീജത്തെ വരട്ടിക്കളയുകയായിരിയ്ക്കും; സാഹിത്യവാസനയില്ലാത്ത കുട്ടികൾക്കാകട്ടെ, കവിതയുടെ അടുക്കൽ പെരുമാറിയതുകൊണ്ട് ആപത്തൊന്നും വരാനില്ലതാനും. അതുകൊണ്ട്—ചിലരെസ്സംബന്ധിച്ചേടത്തോളം ഗുണവും, മററുള്ളവരെസ്സംബന്ധിച്ചേടത്തോളം ദോഷാഭാവവും കാണുന്നതുകൊണ്ട്—സാഹിത്യഭംഗിയുള്ളവതന്നെയായിരിയ്ക്കണം, താഴ്ന്ന ക്ലാസ്സുകളിലേയ്ക്കുള്ള പദ്യകൃതികൾ എന്നു ഞാൻ വിചാരിയ്ക്കുന്നു.

എന്റെ ഈ എളിയ അഭിപ്രായത്തെ മുൻനിർത്തി തയ്യാറാക്കിയതാകുന്നു ഇപ്പുസ്തകം. പൈതങ്ങൾക്കു സദാചാരബോധത്തിന്നും ലഘുവായ ലോകപരിചയത്തിന്നും ഉതകുന്ന വിഷയങ്ങളെ തിരഞ്ഞെടുക്കുന്നതിലും, ഞാൻ യഥാശക്തി മനസ്സിരുത്തിയിട്ടുണ്ട്.

ആകപ്പാടെ, ഈ കൊച്ചുപുസ്തകങ്ങളിൽ വ്യാപരിയ്ക്കുന്ന പിഞ്ചുമുഖങ്ങളെ കൈരളി കടാക്ഷിച്ചരുളുമെന്നു തന്നെ ഞാനാശിയ്ക്കുന്നു.

മുളകുന്നത്തു കാവ്
1108 വൃശ്ചികം 25


വള്ളത്തോൾ
(ഒപ്പ്.)

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

## പാഠം ൮

# ദീപം



ഇരുൾമൂലമുപദ്രവം ജനങ്ങൾ-
ക്കരുതെന്നോർത്തലിവേറിടുന്ന ദൈവം
അരുളീടിന ദീപ്തി പൂണ്ടു ശോഭി-
പ്പൊരു ദീപത്തെ മുദാ വണങ്ങണം നാം.

Digitized By Kerala Sahitya Akademi

കതിരോനകലത്തു പോയ് മറഞ്ഞാൽ
മുതിരുന്നു നിശി ക്രൂരിരുട്ടു പാരിൽ;
ഇതിൽനിന്നു നമുക്കു രക്ഷ കിട്ടു-
ന്നതിനോർത്താൽഗ്ഗതി ദീപമൊന്നുതന്നെ.

ഒരു നല്ല വിളക്കെടുത്തിടുമ്പോ-
ളിരുളൊട്ടുക്കൊഴിയുന്നു ദൂരദിക്കിൽ
പെരുതാകിയൊരാന വന്നിടുമ്പോൾ,
തെരുവിൽത്തിങ്ങിയിരുന്ന ലോകർപോലെ.

ഇരവാം പൊഴുതീയിളാതലത്തിൽ-
പ്പുരതോറും പലജാതി ദീപജാലം
തരമോടെരിയുന്നു: വാനിൽ നാനാ-
തരമാം താരകവൃന്ദമെന്നവണ്ണം.

ഇമ്മന്നിലൻപൊടു പുറത്തെയിരുട്ടൊഴിപ്പാ-
നിമ്മട്ടു ദീപമിതു നൽകിയ ലോകനാഥൻ
നമ്മൾക്കകത്തെഴുമിരുട്ടൊഴിവാക്കുവാനു-
ള്ളമ്മഞ്ജുദീപവുമനുഗ്രഹമായ് ത്തരട്ടേ;

വള്ളത്തോൾ.

Digitized By Kerala Sahitya Akademi

പാഠം ൮

## പുലർകാലം

(താരാട്ട്)

നക്ഷത്രം മങ്ങി മറഞ്ഞു—പൂൎണ്ണ-
ചന്ദ്രനു പടിഞ്ഞാറണഞ്ഞു.
മാനം തെളിഞ്ഞു ചമഞ്ഞു—തിര-
മാല കുറച്ചു കുറഞ്ഞു.
അപ്പോൾ കിഴക്കു ചുവന്നു—പല
പക്ഷികൾ പാടിപ്പറന്നു.
പൂക്കൾ വിരിഞ്ഞു മലൎന്നു—മണം
കാററുകൊണ്ടെങ്ങും പരന്നു.
ആദിത്യദേവനുയൎന്നു—നീണ്ട
ചെങ്കതിരെല്ലാം നിരന്നു.

———

പാഠം ൯

## മിഥ്യാപവാദം

(ഓട്ടൻതുള്ളൽ)

'സത്രാജിത്തൊരു മണിയുംകൊണ്ടതി-
ശ്ശുദ്ധതയാ ഹരിമുന്നിൽച്ചെന്നു;
കൃഷ്ണനവററിൽത്തൃഷ്ണയുമുണ്ടായ്
സത്രാജിത്തു കൊടുത്തതുമില്ല.
പെട്ടെന്നനുജൻ മണിയുംകൊണ്ടൊരു
കാട്ടിൽച്ചെന്നു മരിച്ചുംപോയി.
ചിത്തംകൊണ്ടു വിചാരിയ്ക്കുമ്പോൾ
കൊത്തും കോളുമതൊത്തു ചമഞ്ഞു.

Digitized By Kerala Sahitya Akademi

ശൈശവകാലത്തുണ്ടായിട്ടിന
കൈതവമുണ്ടോ മാറീടുന്നു?
ആയിരവർഷം കുഴലിലിരുന്നൊരു
നായുടെ വാലു വളഞ്ഞേ തീരൂ.'
പലതരമീവക ദുർവ്വാക്കുകളെ-
ച്ചിലരു പറഞ്ഞു ദുഷിച്ചുതുടങ്ങി.

സ്യമന്തകം

## പാഠം ൪

## രാത്രി

കാകുൽസ്ഥ, ഞാൻ കഥപറ-
ഞ്ഞന്തിനേരം കഴിഞ്ഞുപോയ്;
ഉറങ്ങിക്കൊൾക, ഭദ്രം തേ,
യാത്ര നമ്മൾക്കു തെറ്റൊലാ.

മരമൊട്ടുക്കനങ്ങാതാ-
യ,ടങ്ങീ മൃഗപക്ഷികൾ
രാക്കൂരിരുട്ടും വ്യാപിച്ചു
ദിക്കെങ്ങും രഘുനന്ദന!

സന്ധ്യ മെല്ലെന്നൊഴിയുന്നു,
താരർക്ഷവ്യാപ്തമംബരം
ശോഭിപ്പു ദീപ്രനേത്രങ്ങൾ
ചുഴന്നതു കണക്കിനേ.

പൊങ്ങുന്നു പാരിലെയിരു-
ട്ടകററും കുളിർതിങ്കളും,
പ്രഭയാലുലകിൽ പ്രാണി-
ശ്രേണിക്കാഹ്ലാദകൻ പ്രഭോ!

'വാല്മീകിരാമായണം'—വിശ്വാമിത്രൻ രാമനോടുപറയുന്നതു്.

Digitized By Kerala Sahitya Akademi

പാഠം ൯

## ധനം

(കേക)

അങ്ങിനെവേണംതാൻമത്ഥമുണ്ടായാലതു
തങ്ങളേയത്നംചെയ്തു വർദ്ധിതമാക്കീടേണം.
മുന്നമേ ലഭിയ്ക്കാത്തുള്ളത്ഥങ്ങൾ ലഭിയ്ക്കേണം
പിന്നെയും ലഭിച്ചുള്ള സാദരം രക്ഷിയ്ക്കേണം.
രക്ഷിതധനം പിന്നെസ്സന്തതം വർദ്ധിപ്പിച്ചു
തൽക്ഷണം സൽപ്പാത്രങ്ങൾക്കർപ്പണം ചെയ്തീടേണം.
രക്ഷണം ചെയ്തില്ലെന്നാൽ തൽക്ഷണാ നശിച്ചീടും
ലക്ഷണമതിന്നു കർപ്പൂരമെന്നറിഞ്ഞാലും:
കർപ്പൂരം മുളകമിട്ടങ്ങിനെ സൂക്ഷിയ്ക്കാഞ്ഞാ-
ലെപ്പോഴെന്നറിയാതെ നാസ്തിയാമെന്നേവേണ്ടു.

പഞ്ചതന്ത്രം

---

പാഠം ൰

## കുറത്തി

(കുറത്തിപ്പാട്ടു്)

പൂണിയെടുത്തുടൻ വടി മീതെയങ്ങു ചേർത്തു,
ചെപ്പടിക്കളിക്കുള്ളൊരു ചൊക്കണവുമേന്തി,
പാമ്പിനെപ്പിടിച്ചിടുന്ന കൂട്ടമങ്ങെടുത്തു,
വാനരത്താനെപ്പിടിച്ചു മുമ്പിലും നടത്തി,



Digitized By Kerala Sahitya Akademi



കൃഷ്ണമായ ചേലയുമെടുത്തവളുമപ്പോൾ
ഒട്ടുചേലകൊണ്ടവളുത്തരീയം കെട്ടി,
ഉത്തരീയം കെട്ടിയതിൽക്കുട്ടിയേയുമിട്ടു,
തെന്തിനതിനാതിനെന്നു പാട്ടുമവൾ പാടി,
ഊരുചുററിസ്സഞ്ചരിക്കും കാലമങ്ങൊരുനാൾ
പേരുക്കൂട്ടം വഞ്ചിനാട്ടിലെത്തിയക്കുറത്തി.

പാഠമാല

Digitized By Kerala Sahitya Akademi

## പാഠം ൭

# അതിവൃഷ്ടിപീഡിതർ

ഇരുളിൻ നിറമാർന്നരയ്ക്കലു-
ണ്ടൊരു കീറത്തുണി,യീറനാണതും;
പെരുതാം മഴയത്തു വേലയെ-
ങ്ങു?-രുകുന്നു പശിമൂലമുൾത്തടം;

കുടിലുള്ളതൊലിച്ചുപോയടി-
യ്ക്കടി വന്നേറിയ മാരിനീരിനാൽ;
തടിയിൽക്കുറെയെല്ലമാത്ര!-മി-
പ്പടിയായ് വല്ല മരച്ചുവട്ടിലും

കുളിരാൽ മരവിച്ചു നില്ക്കുമീ-
യെളിയോർ തൻ കഥയെന്തറിഞ്ഞിടും,
ചളിതോൽഗത ധൂപഗന്ധിയാം
തെളിമച്ചിൽക്കഴിയും പ്രമാണികൾ.

സാഹിത്യമഞ്ജരി

---

## പാഠം ൮

# വേട്ട

(വഞ്ചിപ്പാട്ട്)

ഓടിയണഞ്ഞവരേററം
പേടിയാവുംപടിയുള്ളാ-
ക്കാടിളക്കിത്തുടങ്ങിനാർ
കൌതുകത്തോടും.

Digitized By Kerala Sahitya Akademi

ഘോരം കൊടുംകാററു വീശു-
ന്നേരം കടലെന്നപോലാ
ക്രൂരവനം കിടന്നൊന്നു
കലുങ്ങിപ്പോയീ.
കാട്ടാനകൾ, കരിമ്പുലി-
ക്കൂട്ടം, ചെന്നായ്, കരടികൾ,
കാട്ടുപോത്തു, ഖഡ്ഗമൃഗം,
കടുവകളും,
എട്ടടിമാൻ, പന്നി, സിംഹം,
തൊട്ടു മൃഗപ്പരിഷക,-
ളെട്ടു ദിക്കും മുഴങ്ങുമാ-
റേററമുച്ചത്തിൽ
കൂട്ടം കൂടി കൂക്കി വിളി
ക്രൂട്ടം ഭേരുടെ ഘോഷം
കേട്ടമ്പരന്നങ്ങുമിങ്ങു-
മോട്ടം തുടങ്ങീ.

തപതീസംവരണം

---

## പാഠം ൯

# അരിശം

(ഓട്ടൻതുള്ളൽ)

നായർ വിശന്നു വലഞ്ഞുവരുമ്പോൾ
കായക്കഞ്ഞിയ്ക്കരിയിട്ടില്ല.
ആയതുകേട്ടു കലമ്പിച്ചെന്ന-
ങ്ങായുധമുടനേ കാട്ടിലെറിഞ്ഞു;

Digitized By Kerala Sahitya Akademi

ചട്ടതിളയ്ക്കും വെള്ളമശേഷം
കട്ടികൾ തങ്ങടെ തലയിലൊഴിച്ചു;
കെട്ടിയപെണ്ണിനെ മടിക്കുടാതെ
കിട്ടിയ വടികൊണ്ടൊന്നുകൊടുത്തു;
ഉരുളികൾ കിണ്ടികളൊക്കെയുടച്ചു,
ഉരലുവലിച്ചു കിണററിൽ മറിച്ചു,
ചിരവയെടുത്തഥ തിയ്യിലെരിച്ചു,
അരകല്ലങ്ങു കളത്തിലെറിഞ്ഞു,
അതുകൊണ്ടരിശം തീരാഞ്ഞവന-
ക്കുരയുടെ ചുററും മണ്ടിനടന്നു!

നളചരിതം

---

പാഠം ൧൦

## ഒരു ചിത്രം

(മഞ്ജരി)

നിയ്യിതു കാണ്കൊ,രാൺകുഞ്ഞിതാ,തൻകുഞ്ഞി-
ക്കയ്യിൽച്ചെറിയ പാൽപ്പാത്രവുമായ്
പയ്യിനെക്കാലേ കറന്നീടുമമ്മതൻ
മെയ്യിൻവലംവശം ചാരിനില്പൂ.
മാതാവോ, പൈക്കറ നിൎത്തി മണിവള-
വ്രാതമണിഞ്ഞ വലത്തുകയ്യാൽ
പൈതലെപ്പേൎത്തുമണച്ചു പുണൎന്നതി-
പ്രീതയായ് കോൾമയിർക്കൊണ്ടിടുന്നു.
ചേലുററ പാത്രത്തിലമ്മ നറുംചുടു-
പാലും പകൎന്നുകൊടുത്തതിനാൽ

Digitized By Kerala Sahitya Akademi

ബാലന്റെ ചെന്തൊണ്ടിവായ്മലരിൽച്ചേരും
പാലഞ്ചും പുഞ്ചിരി തഞ്ചിടുന്നു.
താമരത്താരിതൾപോലെ നെടുതായി-
ട്ടുമയ്യെഴുതിയ കണ്ണിണയിൽ
പ്രേമവും ഹർഷവുമുൾക്കൊള്ളുമുണ്ണിത-
ന്നോമനവക്ത്രമിതെത്ര രമ്യം!
എമ്മട്ടെന്നോതുവാനേതും കഴിവില്ലാ-
ത്തിമ്മധുരാനനമൊന്നു കണ്ടാൽ,
അമ്മയ്ക്കു മാത്രമല്ലാർക്കുമേ ചെന്നെടു-
ത്തുമ്മ വെച്ചീടുവാൻ തോന്നുമല്ലോ.

സാഹിത്യമഞ്ജരി I

---

## പാഠം ൧൧

## പുത്രദുഃഖം

(പാന)

അന്നന്നിങ്ങിനെയുണ്ടായ് മരിച്ചുപോ-
യൊ,ന്നുരണ്ടല്ല,യെട്ടു കുമാരന്മാർ.
ഒമ്പതാമതൊരുണ്ണി പിറന്നപ്പോൾ-
സ്സംഭ്രമത്തോടേ ചെന്നു മഹീസുരൻ.
അപ്പൊഴത്തെയവസ്ഥ നിരൂപിച്ചാൽ
കെല്പുപോരാ നമുക്കെന്റെ ദൈവമേ!
വിപ്രൻ ചെന്നു കിടാവിനെ നോക്കുമ്പോൾ
വീർപ്പുമാത്രവുമില്ലാ കുമാരനു
'പാപ,മെന്തിനിരിക്കുന്നു ഞാനെ'ന്നു
വാ വിട്ടൊന്നലറീ മഹീദേവനും.

Digitized By Kerala Sahitya Akademi

ചോരയോടേയെടുത്തു തന്മാറത്തു
കരങ്ങൾകൊണ്ടു തൊഴിച്ചു കരകയായ്:
‘അയ്യോ, ബാലകാ എന്തു നീയിങ്ങിനെ
കയ്യും കാലുമിളക്കിക്കരയാത്തു?
അയ്യോ, ഞാൻ ചെയ്ത പുണ്യങ്ങളൊക്കെയും
പൊയ്യായിട്ടോ വരുന്നുവാനീശ്വര?
കഷ്ടമെന്തിതു? കൃഷ്ണൻ തിരുവടി-
യ്ക്കൊട്ടു ചൊന്നാൽക്കരുണയുമില്ലയോ?
സന്തതം സുഖിച്ചീടുന്നിതെല്ലാരും;
എന്തു ഞാനൊന്നു വേറേപിഴച്ചതു?
‘കൃഷ്ണ കൃഷ്ണ’ എന്നല്ലാതെ മറ്റൊരു
മിത്രഭാവമറിയുന്നതില്ല ഞാൻ.
കഷ്ടമെന്നുടെ കുട്ടിക്കിടാവിതാ,
ദൃഷ്ടി നിർത്തിക്കിടക്കുന്നു ദൈവമേ!’

സന്താനഗോപാലം

---

## പാഠം ൧൫

## കൃതജ്ഞത

(പറയൻതുള്ളൽ.)

അന്നു ചെയ്തോരുപകാര-
ത്തിന്നു ഞാൻ പ്രത്യുപകാരം
ഒന്നു ചെയ്‌വാൻ മതിയാമെ-
ന്നുള്ള ഭാവം നമുക്കില്ല.
ആന വിററു പണമുണ്ടാ-
ക്കുന്നവരെത്തെളിയിപ്പാൻ

Digitized By Kerala Sahitya Akademi

ഭേദന വിററു പൊറുക്കുന്ന
ചങ്ങാതി മതിയാമോ?
പൊന്നു വാരിക്കൊടുക്കുന്ന
ധനികന്മാൎക്കൊരു 'കാക്ക-
പ്പൊന്നു'മാത്രം കാഴ്ച വെച്ചു
പ്രസാദത്തെ വരുത്താമോ?
കാണമൊന്നും കൊതിച്ചിട്ട-
ല്ലുത്തമന്മാരഹോ ദീന-
ത്രാണമെന്നുള്ള ധൎമ്മത്തെ-
ത്താനറിഞ്ഞാചരിക്കുന്നു.
ഇക്ഷിതിമണ്ഡലേ മേവു-
ന്നോരു വേഴാമ്പലെന്നുള്ള
പക്ഷികൾക്കു വഴിപോലെ
മാരി കോരിച്ചൊരിഞ്ഞാശു
കുക്ഷി പൂൎത്തിവരുത്തീടു-
ന്നില്ലയോ വാരിവാഹങ്ങൾ.
രക്ഷചെയ്യും ജനത്തിന്റെ
ലക്ഷണമതിന്നെയുള്ളു.

സഭാപ്രവേശം.

Digitized By Kerala Sahitya Akademi

## പാഠം ൧൩

# കൃതഘ്നത

(പറയൻതുള്ളൽ.)


പാമ്പിന്നു പാൽ കൊടുത്തോനെ-
പ്പാഞ്ഞു വന്നു കടിക്കൂടും
ചേമ്പിന്നു നെയ്യൊഴിച്ചാകിൽ-
ച്ചൊറിഞ്ഞു കൂട്ടുവാൻ മേലാ.
ഇഷ്ടമാടിക്കനിഞ്ഞു ചോ-
റിട്ട കൈയ്യും കടിക്കുന്ന
പട്ടികൾക്കു കൊടുക്കുന്ന
നഷ്ടികൾക്കു നമസ്കാരം!
കൂട്ടിലാക്കിപ്പലനാളും
പട്ടിണിയായ്ക്കിടക്കുന്ന
കാട്ടുപുള്ളിക്കടുവായെ-
പ്പാട്ടിലാക്കാനിരകൊണ്ടു
നീട്ടിയോരു കൈയ്യും കേറി-
ക്കടിക്കുമങ്ങിനെയുള്ള
കൂട്ടമൊന്നുമൊരുനാളും
വിശ്വസിപ്പാൻ പാത്രമല്ല.

സഭാപ്രവേശം.

Digitized By Kerala Sahitya Akademi

## പാഠം ൧൪

# താമര



ചില വൻപപ്പടംപോലാ-
മിലയും നീണ്ട തണ്ടുമായ്
നലപ്പെടും പത്മമിതാ
വിലസുന്നു കുളങ്ങളിൽ.

രാവിങ്കലിതുറങ്ങീടും,
രാവിലെത്താനുണർന്നിടും—
ഈവിധം നമ്മൾതൻമട്ടീ-
പ്പൂവിനം കാണ്മതുണ്ടുപോൽ.

Digitized By Kerala Sahitya Akademi

ഓമനക്കാററിലൊന്നാടി,-
ക്കോമളം നാലുപാട്ടുമേ
തൂമണം വീശിനില്ക്കുന്നീ-
ത്താമരപ്പൂക്കൾ കാൺകെടോ!

കണ്ടാന്നേടം ചളിയിൽനി-
ന്നുണ്ടായ വകയെങ്കിലും,
തണ്ടാരിതെത്ര സുഭഗം!
കണ്ടാൽക്കണ്ണു കുളിർത്തിടും!

വിടർന്നോരിതിനുള്ളിലി-
യിടതിങ്ങിയ 'കണ്ണിക'
കടക്കട്ടുക്കനോടൊക്കും
കിടയ്ക്കു വിലസുന്നതേ.

ഉണ്ടിപ്പൂവിലിളം തേന,-
ത്തുണ്ടീടുന്നുള്ള വാഞ്ഛയാൽ
വണ്ടിണ്ടകൾ മുരണ്ടാർത്തു
മണ്ടിച്ചെല്ലുന്ന ഭംഗിയിൽ.

കൊതി വരുമഴകേററമുണ്ടു കണ്ടാൽ,
മതി കുളിരും മണമുണ്ട,കത്തു തേനും;
മതി, മതി: ജഗദീശനേകിയിട്ടു-
ണ്ടിതിനൊ,രു പൂവിനു വേണ്ട നന്മയെല്ലാം.


വള്ളത്തോൾ

Digitized By Kerala Sahitya Akademi

## പാഠം ൧൩

# കാട്ടാളൻ

(ശീതങ്കൻ തുള്ളൽ)



ചെമ്പിച്ച താടിയും മീശയും കേശവും,
വമ്പിച്ച കൈകളിൽ വില്ലും ശരങ്ങളും,

Digitized By Kerala Sahitya Akademi

ചെമ്പരത്തിപ്പൂ കണക്കെ നേത്രങ്ങളും,
അമ്പിളിപോലെ വളഞ്ഞുള്ള പല്ലുകൾ,
അഞ്ജനപർവ്വതംപോലെ ശരീരവും,
ഗുഞ്ജാഫലംകൊണ്ടു കോർത്തുള്ള മാലകൾ,
മഞ്ഞക്കുറികളും, മായൂരപിഞ്ഛവും,
മഞ്ചാടിമാലയും മാറിൽപ്പലതരം,
ഉച്ചത്തിലുള്ളൊരു കണ്ഠനാദങ്ങളും,
മെച്ചത്തിലുള്ളൊരു വീര്യഭാവങ്ങളും,
കച്ചകെട്ടിച്ചില തൊങ്ങലും വാലുമി-
ട്ടത്യന്തഘോഷമാം വേഷം ഭയങ്കരം.

---

പാഠം ൧൩

## കാക്കയും, കുയിലും

(ഓട്ടൻതുള്ളൽ)

പിതൃപിണ്ഡത്തെക്കൊത്തിത്തിന്മാൻ
കൊതിയേറുന്നൊരു കാക്കേ കേൾ നീ
ക്രൂരിരുൾ പോലെ കറുത്ത ശരീരം
ക്രൂരമിതല്ലോ, നിന്നുടെ ശബ്ദം!
പാരമസഹ്യം കേൾക്കുന്നോർക്കൊരു
നേരവുമില്ലൊരു സൌഖ്യമിദാനീം:
കർണ്ണങ്ങൾക്കിതു കേൾക്കുന്നേരം
പുണ്ണിലൊരമ്പു തറച്ചതുപോലെ.
ഉരിയാടാതൊരു തേന്മാവിന്മേൽ
മരുവുന്നാകിൽ നിനക്കിഹ കാക്കേ;

Digitized By Kerala Sahitya Akademi

പെരുതായിട്ടൊരു ഗുണമുണ്ടാസ്സുരു-
മരുതാത്തതു പറകല്ല സഖേ ഞാൻ.
കുയിലും കാകനുമൊരു നിറമാണൊരു
കുറവില്ലെന്നു, പലൎക്കും ബോധം;
നാദംകൊണ്ടേ നിങ്ങളു തമ്മിൽ
ഭേദമതുള്ളൂ ബലിഭോക്താവേ!
മാകന്ദാഗ്രേ ചെന്നു വസിച്ചാൽ
കാകൻ നീയൊരു കോകിലമാകും,
കാണികളും നിന്നെക്കുയിൽ കുയിലെന്നൊരു
നാണയമങ്ങു നടത്തിക്കൊള്ളും.

---

പാഠം ൧൧

## ഒരു നൊണ്ടിക്കുഞ്ഞാടു്

I

ഗുരുവീമട്ടരയ്ക്കുമ്പോളു-
ൎവ്വീതോപരി നിന്നുടൻ
കാററത്തണഞ്ഞു മന്ത്രിയ്ക്കും
കുളമ്പേററുന്ന മൺപൊടി.

വെള്ളക്കോലാടുകളോടു
കരിം ചെമ്മരിയാടിനം
വളഞ്ഞെഴും വരികളും ചേ-
ൎന്നങ്ങു പോകുന്നു മെല്ലവെ.

Digitized By Kerala Sahitya Akademi

പലപ്പോഴും പൂങ്കുലകൾ
കാണുമ്പോൾ കപ്പിനോക്കിയും,
കാട്ടത്തിപ്പഴമുള്ളേടം
വെള്ളം മിന്നുമിടങ്ങളും

അണഞ്ഞാൽ വഴിവിട്ടങ്ങോ-
ട്ടിങ്ങോട്ടും സഞ്ചരിച്ചുമേ.
എന്നാൽക്കൂട്ടം പിരിഞ്ഞീടു-
മ്പോഴെല്ലാം; മേച്ചിടുന്നവർ

ഒച്ചയിട്ടോ കൈക്കവിണ
വീശിയോ വഴി ചേർത്തുതാൻ
ശുദ്ധബുദ്ധികെട്ടുള്ളവയെ
മൈതാനത്തെയ്ക്കിറക്കിടും.

---

പാഠം ൰൧

## ഒരു നൊണ്ടിക്കുഞ്ഞാട്

11

കൂട്ടത്തിലൊരു പെണ്ണാടു-
ണ്ടിരുകുഞ്ഞുങ്ങളുള്ളതായ്
എന്തോ പരിക്കു പററീട്ടു-
ണ്ടൊരു കുട്ടിയ്ക്കു കാല്ക്കുമേൽ.

അതു ചോരയൊലിച്ചും കൊ-
ണ്ടുണ്ടു നൊണ്ടുന്നു പിന്നിലായ്;
അതിൻ കൂട്ടാളിയെല്ലാററിൻ-
മുമ്പു തുള്ളിക്കളിക്കയാം.

Digitized By Kerala Sahitya Akademi

ഇക്കുഞ്ഞോ മററതോ പോരേണ്ടോ-
യെങ്കിലോ എന്ന ശങ്കയാൽ
അസ്വസ്ഥയാം തള്ളയാട്
പായുന്നുണ്ടങ്ങുമിങ്ങുമേ.

നമ്മളം തൻ ദേവനിതു ക-
ണ്ടത്യന്തമലിവാർന്നുടൻ
ഇതും പറഞ്ഞാ നൊണ്ടും കൊ-
ച്ചാടിനെത്തോളിലേററിനാൻ:—

‘ഹേ, രോമമാണ്ടെഴും സാധു-
വമ്മേ, പേടിയ്ക്ക വേണ്ട നീ
നീ പോമിടത്തൊക്കെ ഞാൻ നിൻ-
കുഞ്ഞിനെക്കൊണ്ടുപോരുവൻ.’

പൌരസ്ത്യദീപം

Vidya Vilasam Press, Trivandrum. 1932.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi